പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

74(1137) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക എത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്ന് ഇതിനകം പിൻവലിക്കപ്പെട്ട തുക എത്ര;

(സി) കഴിഞ്ഞ അഞ്ചു വർഷമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഇതുകാരണം കേന്ദ്രത്തിന്റെ ഫണ്ട് നഷ്ടമായിട്ടുള്ളതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ്, തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂളിലും കണ്ണൂർ ജി.വി.എച്ച്.എസ്.എസ് (കണ്ണൂർ സ്പോർട്സ് ഡിവിഷൻ)-ലെയും അടിസ്ഥാനസൗകര്യ വികസനം എന്നിവ ഒറ്റത്തവണ കേന്ദ്രസഹായ പദ്ധതികളായതിനാൽ കേന്ദ്ര ധനസഹായം ലഭിക്കാത്തതിനാൽ നടപ്പിലാക്കാൻ സാധിച്ചില്ല. കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് ജില്ലകളിലെ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പദ്ധതി, ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് എക്സലൻസ് അവാർഡ് നൽകുന്ന പദ്ധതി, സാക്ഷരതാ മിഷന്റെ കീഴിൽ പ്രഖ്യാപിച്ച അക്ഷരസാഗരം പദ്ധതി, വയനാട് ആദിവാസി സാക്ഷരതാ പദ്ധതി എന്നിവയാണ് കഴിഞ്ഞ അഞ്ചു വർഷമായി പ്രഖ്യാപിക്കപ്പെട്ടതും നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ്, തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂളിലും (കണ്ണൂർ സ്പോർട്സ് ഡിവിഷൻ)-ലെയും അടിസ്ഥാന സൗകര്യവികസനം എന്നീ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ യഥാസമയം ഭരണാനുമതി നൽകിയെങ്കിലും കേന്ദ്രസഹായം ലഭിച്ചില്ല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly